ശ്രീ. കെ. എം. ജോർജ്: തിരുവനന്തപുരം വലിയതുറയിലെ പീയറും മറ്റു കാര്യങ്ങളും അനുസരിച്ച് കൂടുതൽകൂടുതൽ കപ്പലുകൾ അടുക്കുന്നതിന് ഗവൺമെന്റു കഴിയുന്നതും ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. അവിടെ വേണ്ടിടത്തോളം തൊഴിലാളികൾക്ക് ജോലികിട്ടാനും കപ്പലുകൾ അടുക്കാനുമുള്ള സാഹചര്യം ഇല്ലെന്നുള്ള വസ്തുത ഗവൺമെന്റിനറിയാം. എങ്കിലും അവിടെ വേണ്ടത് ചെയ്യാം.

## ടാക്സി കാറുകൾക്ക് മീറ്റർ

* 207 (734) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി കാറുകൾക്ക് മീറ്റർ ഘടിപ്പിക്കണമെന്നുള്ള ഗവൺമെന്റു കൽപ്പന എന്നു മുതൽ നടപ്പാക്കി;

(ബി) നടപ്പിലാക്കിയിയില്ലെങ്കിൽ കാരണമെന്ത്?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്)

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഈ നഗരങ്ങളിൽ പ്രസ്തുത ഉത്തരവ് 1965 ജൂൺ മാസം മുതൽ നടപ്പിലാക്കി. മറ്റു ജില്ലാ തലസ്ഥാനങ്ങളിൽ കൂടി ഈ ഉത്തരവു 1970 ജനുവരി മുതൽ നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്നു.

(ബി) അതിനെതിരായി ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചതിനു ശേഷം പ്രസ്തുത ഉത്തരവ് തൽക്കാലം നടപ്പിലാക്കാതെ സ്റ്റേ ചെയ്തിരിക്കുകയാണ്. ഈകാര്യം ഗവൺമെന്റു പരിശോധിച്ചുവരികയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്:) എല്ലാ സ്ഥലങ്ങളിലും എത്ര കാലംകൊണ്ടു നടപ്പിൽ വരുത്താമെന്നാണ് വിചാരിക്കുന്നത്?

ശ്രീ. കെ. എം. ജോർജ്: മീറ്റർ ഘടിപ്പിക്കുന്ന കാര്യം തൽക്കാലം ഒരു കൊല്ലത്തേക്കാണ് സ്റ്റേ ചെയ്തിരിക്കുന്നത്. അതിനു ശേഷം അക്കാര്യത്തെപ്പറ്റി അവസാന തീരുമാനം എടുക്കുന്നതാണ്. അതുവരെ ഗവൺമെന്റിനു കിട്ടിയിട്ടുള്ള വിവരങ്ങൾ അനുസരിച്ച് ഗവൺമെന്റു ഈ വിഷയത്തെസംബന്ധിച്ച് പഠിച്ച്, ഇന്നുള്ള കോർപ്പറേഷൻ മേഖലയ്ക്കു വെളിയിലുള്ള ചെറിയ മുനിസിപ്പാലിറ്റികളിലും ചെറിയ നഗരങ്ങളിലും ടാക്സി കാറുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതുകൊണ്ട് ടാക്സികാർക്കും, പൊതുജനങ്ങൾക്കും ഒരു ഗുണവും ഉണ്ടാകുകയില്ലെന്ന് മനസിലാക്കിയിരിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ടാക്സി കാറുകളിൽ ബില്ല് കൊടുക്കണമെന്നുള്ള കൽപ്പന എന്നുമുതൽ നടപ്പിലാക്കി?

ശ്രീ. കെ. എം. ജോർജ്: ബിൽ കൊടുക്കണമെന്നുള്ള കൽപന നടപ്പിൽ വന്നത് വാസ്തവത്തിൽ മേലേക്കിടയിൽനിന്നും അറിഞ്ഞല്ല പോയത്. എങ്കിലും ഒരു അമെൻറുമെന്റു വരുത്തിയതിനെ ആരും എതിർത്തില്ല. നിവേദനം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ആ കൽപ്പന സ്റ്റേ ചെയ്യുകയും, അത് റദ്ദു ചെയ്യാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ജില്ലാ തലസ്ഥാനങ്ങളിൽ ടാക്സി കാറുകളുടെ ഉടമകൾ അതിനെസംബന്ധിച്ച് നിവേദനം നടത്തിയപ്പോൾ എന്തെല്ലാം കാരണങ്ങളാണ് തടസ്സമായി പറഞ്ഞിട്ടുള്ളത്? അതിൽ

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് മീറ്റർ ഗവൺമെൻറിൽനിന്നും വാങ്ങിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ? അങ്ങനെ വാങ്ങി കൊടുക്കുന്നതിന് വല്ല സാദ്ധ്യതകളുമുണ്ടോ? അതിൽ ഗവൺമെൻറിൻെറ അഭിപ്രായം എന്താണ്?

ശ്രീ. കെ. എം. ജോർജ്: മിക്ക മുനിസിപ്പൽ നഗരങ്ങളിലുള്ള ടാക്സി ഡ്രൈവേഴ്സും ഓണേഴ്സ് അസോസിയേഷനും ഇക്കാര്യത്തിൽ നിവേദനം നടത്തുകയുണ്ടായി. അവരെല്ലാംതന്നെ ഏകകണ്ഠമായി പറഞ്ഞിരിക്കുന്നത് ടാക്സി കാറുകളിൽ മീറ്റർ ഘടിപ്പിക്കുന്നതിന് രണ്ടായിരത്തിയഞ്ഞൂറും, മൂവായിരവും രൂപ ചെലവു വരുമെന്നാണ്. അതുകൊണ്ട് ആർക്കും യാതൊരു തരത്തിലും പ്രയോജനവുമില്ല. വലിയ നഗരങ്ങളിലല്ലാതെ മറ്റുള്ളിടത്ത് റിട്ടേൺ ജേർണി കിട്ടാത്തതുകൊണ്ട് മീറ്റർ ഘടിപ്പിക്കുന്നതുകൊണ്ട് നഷ്ടവുമാണ്. അതുകൊണ്ട് ടാക്സി കാറുകളിൽ മീറ്റർ ഘടിപ്പിക്കാൻ നിർബന്ധിക്കരുതെന്നാണ്. ഇതുകൊണ്ട് മീറ്റർ ഉണ്ടാക്കുന്ന കമ്പനിക്കാർക്കുമാത്രമേ ഗുണം കിട്ടുകയുള്ളൂ. പ്രയോജനപ്രദമല്ലെന്നു കണ്ടതുകൊണ്ടാണ് സ്റ്റേ ചെയ്തത്.

## ആരോഗ്യവകുപ്പിലെ അഴിമതികൾ

* 208 (735) ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
,, വി. വി. ദക്ഷിണാമൂർത്തി
,, എം. കെ. എ. ഹമീദ്
,, പി. ജി. പുരുഷോത്തമൻപിള്ള
,, ടി. കെ. രാമകൃഷ്ണൻ
,, പി. കുഞ്ഞൻ
,, എ. വി. ആര്യൻ
,, ഈ എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിൽ നടക്കുന്ന ഗുരുതരമായ അഴിമതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂപ്പള്ളി ബേബി എന്നൊരു കേരളാ കോൺഗ്രസ് നേതാവിനു ബന്ധപ്പെട്ട മന്ത്രി ഇടപെട്ട് 34,000 രൂപ നൽകാൻ ഉത്തരവിട്ടു എന്നറിയുന്നതു ശരിയാണോ;

(സി) ആണെങ്കിൽ ഉത്തരവിട്ട തീയതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പൂപ്പള്ളി ബേബി തിരുമല മെഡിക്കൽ കോളേജ് മാനേജ്മെൻറിനു പലയിനങ്ങളിലായി കൊടുത്തുതീർക്കേണ്ട തുകയെന്ത്;

(ഇ) മെഡിക്കൽ കോളേജിലെ കണക്കിൻെറ ആഡിറ്റ് റിപ്പോർട്ടിൽ 34,000 രൂപ പൂപ്പള്ളി ബേബിക്കു കൊടുക്കേണ്ടതില്ല എന്നു പറഞ്ഞിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ കാരണമെന്ത്;

(ജി) പ്രസ്തുത ആഡിറ്റു റിപ്പോർട്ടിൻെറ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):—

(എ) ഏതെങ്കിലും അഴിമതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടികളെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly